# അക്കാദമിക മാസ്റ്റർ പ്ലാൻ

## എരുവട്ടി യു.പി സ്കൂൾ



# സ്കൂൾ ചരിത്രം

പഴയിടത്ത് കോരൻ ഗുരുക്കൾ സ്ഥാപിച്ച ഗുരുകുലം 1913 ന് മുമ്പ് കുടിപള്ളിക്കൂടമായി ആരംഭിച്ചതാണ് . 1920 ൽ പൂർണ്ണമായി ഒരു എൽ.പി സ്കൂൾ എന്ന പദവി ലഭിച്ചു . എരുവട്ടി ഈസ്റ്റ് എലിമെന്ററി സ്കൂളായി ഉയർത്തിയ സ്കൂളിൽ അന്ന് 8 -ാം ക്ലാസ് വരെ ക്ലാസ് ഉണ്ടായിരുന്നു . 1928 ലാണ് ഒരു യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത് . പിന്നീട് എരുവട്ടി യു.പി സ്കൂൾ എന്ന് നാമകരണം ചെയ്തു . കോരൻ ഗുരുക്കൾക്ക് ശേഷം അന്തോളി കൃഷ്ണൻ മാസ്റ്ററായിരുന്നു സ്കൂൾ മാനേജർ . കൃഷ്ണൻ മാസ്റ്റർക്ക് ശേഷം കനകാംഗിയാണ് സ്കൂൾ മാനേജർ . കോട്ടയം പഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന എരുവട്ടി യു.പി സ്കൂൾ പഞ്ചായത്തിലെ ഏക യു.പി സ്കൂൾ ആണ് .

നിലവിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലായി 128 കുട്ടികളും പ്രീ പ്രൈമറിയിൽ 6 കുട്ടികളും അധ്യായം നടത്തിവരുന്നു പ്രഥമാധ്യാപിക ഉൾപ്പെടെ 10 ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നു ശാസ്ത്ര പ്രവർത്തിപരിചയ കലാമേളകളിൽ ജില്ലാതലം വരെ പങ്കെടുത്ത് മികച്ച വിജയം കൈവരിക്കാറുണ്ട് സംസ്കൃത കലോത്സവത്തിൽ സബ്ജില്ലാതലത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് അടക്കം മികച്ച നേട്ടങ്ങൾ എല്ലാവർഷവും നേടാറുണ്ട് ഒന്നുമുതൽ ഏഴ് വരെയുള്ള കുട്ടികളെ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ എഴുതിക്കുകയും നല്ലൊരു വിജയശതമാനം നേടുകയും ചെയ്യാറുണ്ട് വർഷങ്ങളായി LSS, USS പരീക്ഷയിൽ പങ്കെടുത്ത് മികച്ച വിജയം നേടാറുണ്ട് 2007 നു ശേഷം വിവിധ വർഷങ്ങളിലായി ഈ വിദ്യാലയത്തിലെ നാലു വിദ്യാർത്ഥികൾ കണ്ണൂർ ജില്ലയിൽ USS പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി സ്കൂളിൻറെ അഭിമാന താരങ്ങളായി മാറിയിട്ടുണ്ട് ഇവരെല്ലാം ഗിഫ്റ്റഡ് ചൈൽഡ് ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട് കോട്ടയം പഞ്ചായത്തിൽ നടന്ന മികവുത്സവത്തിൽ ഒന്നാം സ്ഥാനം നേടുകയും സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളുടെ പരിശോധനയിൽ എരുവട്ടി യുപി സ്കൂൾ കോട്ടയം പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 1ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

# അക്കാദമിക പരിമിതികൾ

- 1 മുതൽ 7വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

- ഐ.ടി അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലുള്ള പരിമിതികൾ.

- പഠനാസൂത്രണം നടത്തുന്നതിലുള്ള വീഴ്ചകൾ.

- ചില ക്ലാസുകളിലെ ചില വിഷയങ്ങളിലെ പ്രവർത്തന ബാഹുല്യം.

- അടിസ്ഥാന ആശയങ്ങളുടെ ധാരണാക്കുറവ്

- പഠിക്കുന്ന ആശയങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

- എല്ലാകുട്ടികളേയും പരിഗണിക്കന്ന തരത്തിലുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ.

- വിനിമയത്തിനുള്ള സമയക്കുറവ്.

- പരീക്ഷാധിഷ്ഠിതമായി പാഠപുസ്തകങ്ങളിലെ ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകുന്നത്.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിമിതികൾ.

- ചുറ്റുമതിലിന്റെ അഭാവം
- കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങളില്ല
- ലാബ് ഒരുക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ഇല്ല
- ലൈബ്രറി റൂമിന്റെ അപര്യാപ്തത
- ഐടി പഠനത്തിന് വേണ്ടത്ര കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും ഇല്ല
- പ്രത്യേകം ഭക്ഷണശാല ഇല്ല
- ആധുനിക സ്കൂൾ കെട്ടിടമില്ല
- ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റിന്റെ അഭാവം
- സ്കൂളിന്റെ മുന്നിലൂടെ പോകുന്ന റോഡിന്റെ നടപ്പാതയുടെ അഭാവം നടന്നുവരുന്ന കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു
- സ്കൂളിന് മുന്നിൽ ഉറപ്പുള്ള ഒരു വേലിയുടെ അല്ലെങ്കിൽ മതിലിന്റെ അഭാവം
- ക്ലാസ് റൂം പാർട്ടീഷന്റെ അഭാവം

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള കേരള സർക്കാറിന്റെ ലക്ഷ്യത്തിനായുള്ള പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. നമ്മുടെ കുട്ടികൾക്ക് അവസര തുല്യത, സാമൂഹിക നീതി എന്നിവ ഉൾച്ചേർന്ന് കൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയണം. കുട്ടിയുടെ സമഗ്രവികസനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഈ പദ്ധതിയുടെ വിജയത്തിനായി വിവിധ മേഖലകളിൽ ഇടപെടലുകൾ ആവശ്യമാണ്. സമൂഹത്തിന്റെ ഒന്നിച്ചുള്ള അണിചേരലിലൂടെ മാത്രമേ ഇത് സാധ്യമാകൂ. ഇതിന്റെ ഭാഗമായി എരുവട്ടി യു.പി സ്കൂൾ ഹ്രസ്വ ,മധ്യ, ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുത്തിരിക്കുകയാണ്.

# ഭാഷ

## മുഖ്യലക്ഷ്യം

- എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
- അഞ്ച് വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ കുട്ടികളും മലയാളം,ഇംഗ്ലീഷ്,ഹിന്ദി തുടങ്ങി മൂന്ന് ഭാഷകളിലെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തമാക്കും.
- ഓരോ കുട്ടിയുടേയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.
- ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ ,താൽപര്യങ്ങൾ,അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്ര കടിപ്പിക്കുന്നതിനും പ്രാപ്തമാക്കും.

ഭാഷ മലയാളം

വായനാ സൗഹൃദ പരിപാടി

| SL/NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | വായനയുടെ ലോകത്ത് തെന്നിമാറുന്ന കുട്ടികളെ വായനയിലേക്ക് ആകർഷിപ്പിക്കുന്നതിന്<br><br>മത്സരബുദ്ധിയോടുകൂടി വായനക്ക് സമയം കണ്ടെത്തുന്നതിന് മുഴുവൻ കുട്ടികളേയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക | വായനാദിനം,പി.എൻ പണിക്കർ അനുസ്മരണം, ക്ലാസ് റൂം ലൈബ്രറി, റീഡേഴ്സ് ക്ലബ്ബ് രൂപീകരണം,പുസ്തക വിതരണം,ലീഡറുടെ ഉത്തരവാദിത്തത്തോടെ ആഴ്ചയിൽ എല്ലാ വെള്ളിയാഴ്ച്ചയും കൈമാറുന്ന,വായിച്ച പുസ്തകങ്ങൾക്ക് വായനാക്കുറിപ്പ് എഴുതി റീഡേഴ്സ് ക്ലബ്ബിനെ ഏൽപ്പിക്കൽ,ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ കൈമാറി വായിക്കുക,വിദ്യാരംഗം കൺവീനറുടെ നേതൃത്വത്തിത്ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കുന്ന കുട്ടികളെ കണ്ടെത്തുക,ഓരോ ടേമിലും വായനാപതിപ്പുകൾ തയ്യാറാക്കുക,വാർഷിക പതിപ്പ് തയ്യാറാക്കുക ,പ്രകാശനം ചെയ്യുക. | 10 മാസം തുടരുന്ന പ്രവർത്തനം | ക്ലാസ് ടീച്ചർ,വിദ്യാരംഗം കൺവീനർ,S.R.G | |

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാവരിലും വികസിപ്പിക്കുക | Newspaper reading, സ്കൂൾതല English radio station, I.C.T English Film | June to August | Teacher | |
| | ഇംഗ്ലീഷ് ഭാഷ വായിക്കുകയും അറിവ് സ്വാംശീകരിക്കുകയും ചെയ്യുന്നതിലൂടെ ലോകഭാഷയെന്ന നിലയിൽ ഇംഗ്ലീഷിൽ കഴിവ് നേടുക. | പൊതുവേദികളിൽ സംസാരിക്കൽ- പ്രസംഗം. സംവാദം, ദിനാചരണങ്ങൾ( ഇംഗ്ലീഷിൽ) | 1 വർഷം | S.S.G, Teacher | |
| | മികച്ച വായനാക്കാരാവുന്നതോടൊപ്പം ഏത് പ്രവർത്തനവും ഇംഗ്ലീഷിൽ സ്വയം എഴുതാനുള്ള കഴിവ് വികസിപ്പിക്കൽ | Script writing. Speech, choreography. കഥ-ബാക്കി എഴുതൽ ചിത്രം നോക്കി കഥപറയൽ | June to December | S.S.G, Teacher | |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ദിനാചരണം വിഷയവുമായി കൂടുതൽ അറിയുവാനുള്ള അവസ്ഥ | ബാഡ്ജ് നിർമ്മാണം,ഖ ണ്ഡികാലേഖനം ,സുഭാഷിതാവത രണം,മാസികാ ഭിത്തി പത്രിക എന്നിവ നിർമ്മിക്കൽ പരിസ്ഥിതി ദിനചിത്രരചന, ചാന്ദ്രദിനം എന്നിവയുടെ പോസ്റ്റർ നിർമ്മാണം | 1 വർഷം | അധ്യാപിക ക്ലബ്ബ് കൺവീനർ | |
| | സംസ്കൃതലേഖ നം മുഴുവൻ വിദ്യാർത്ഥിക ൾക്കും ലേഖന പരിചയമുണ്ടാ ക്കൽ | സംസ്കൃത ബാലഗീതങ്ങൾ, കഥാപുസ്തകം, സംഭാഷണപുസ്ത കം എന്നിവ വായിച്ച് കേൾപ്പിക്കൽ, സ്വയം വായനക്ക് നൽകൽ,മുദ്രാഗീ തങ്ങൾ സന്ദേശ വാക്യങ്ങൾ എന്നിവയുടെ ചാർട്ട് പ്രദർശിപ്പിക്കൽ ,വർക്ക് ഷീറ്റ് ഉപയോഗിക്കൽ വിവിധ വ്യവഹാരരൂപ ങ്ങളിൽ അധ്യാപികയുടെ സഹായത്തോ ടെയുള്ള പരിശീലനം | 1 വർഷം | അധ്യാപിക | |
| | വിവരസാങ്കേതി | ബാലഗീതങ്ങൾ, | 1 വർഷം | അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | ല്ല ഭൂപടനിർമ്മാണം ഭൂപടങ്ങൾ നിർമ്മിച്ച് നിറങ്ങൾ ,ദിക്ക് എന്നിവരേഖപ്പെടുത്തൽ | | | |
| | അക്ഷാംശങ്ങളുടെയും രേഖാംശരേഖകളുടെയും സവിശേഷതകൾ തിരിച്ചറിയൽ | Workshop ഭൂപടനിർമ്മാണം | സെപ്റ്റംബർ- ഒക്ടോബർ (5 days) | Resource Teacher | ഒരു കുട്ടിക്ക് 200 രൂപ |
| | ഭ്രമണം- പരിക്രമണം സവിശേഷതകൾ | Workshop പ്രവർത്തന മാതൃക | ഒക്ടോബർ- നവംബർ 5 days ജനുവരി 1 days | Resource Teacher | ഒരു കുട്ടിക്ക് 300 രൂപ |
| | സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം വിദ്യാലയം ഒരു ഗവേഷണ സ്ഥാപനമാക്കുക | ലാബ് നിർമ്മാണം പഠനസാമഗ്രികൾ, റഫറൻസ്, പുസ്തകങ്ങൾ, ഐ.ടി സാധ്യതകൾ, കുട്ടികൾ നിർമ്മിച്ച ഉപകരണങ്ങൾ പ്രദർശിപ്പിക്കൽ | തുടരുന്ന പ്രവർത്തനങ്ങൾ | അധ്യാപകർ കുട്ടികൾ പി.ടി.എ സന്നദ്ധസംഘടനകൾ | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതശാസ്ത്രം

1 ഗണിതം ലളിതം

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ചതുഷ് ക്രിയകൾ(അടിസ്ഥാനക്രിയകൾ) എല്ലാകുട്ടികൾക്കും ഉറപ്പിക്കൽ(1 മുതൽ 7വരെ )<br><br>ഗണിതപഠനം രസകരമാക്കൽ<br><br>ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തൽ | പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിക്കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ<br><br>ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്ന വൈവിധ്യ മാർന്ന പ്രവർത്തനങ്ങൾ<br><br>ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br><br>ഒഴിവുസമയ പ്രവർത്തനങ്ങൾ<br><br>പഠനോപകരണ നിർമ്മാണം<br>വർക്ക് ഷീറ്റ് നിർമ്മാണം<br>ശില്പ ശാല<br>ഗണിത ക്വിസ് പരിശീലനം<br>മന :ക്കണക്കിന് പ്രാധാന്യം നൽകികൊണ്ടുള്ള പഠനരീതി<br><br>ഗണിത പഠനം രസകരവും വിജ്ഞാന പ്രദവുമാക്കും വിധം ഗണിത ലാബ് സജ്ജീകരണം ആവശ്യമായ ഗണിതോപകരണം കണ്ടെത്തുന്നു | 4 മാസം (ഹ്രസ്വ കാലം) | ടീച്ചർ രക്ഷിതാക്കൾ S.R.G | |

അക്കാദമികമാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം

1 ശാസ്ത്രകൗതുകം

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തൽ<br><br>ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നു, | 3മുതൽ 7വരെ ക്ലാസുകളിലെ കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണം നൽകുക ശാസ്ത്ര ക്ലബ്ബ് രൂപീകരണവും പ്രവർത്തനവും, ആഴ്ചയിൽ 2 ദിവസം ഉച്ചയ്ക്കുള്ള ഇടവേളകളിൽ പരീക്ഷണ പ്രവർത്തനങ്ങൾ നൽകുന്നു. 3മുതൽ 7 വരെ ക്ലാസിൽ എല്ലാ കുട്ടികൾക്കും സ്വന്തമായി പരീക്ഷണം ചെയ്യാനുള്ള അവസരം കൊടുക്കുന്നു. ശാസ്ത്ര ശിൽപ ശാലകൾ സംഘടിപ്പിക്കുന്നു,ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ഒരു വർഷം<br><br>മധ്യകാലം | ടീച്ചർ<br>S.R,G<br>ശാസ്ത്രക്ലബ്ബ് കൺവീനർ | |
| 2 | ശാസ്ത്ര ലാബ് ഒരുക്കൽ ഉപമേഖല :പരിസരപഠന പ്രവർത്തനങ്ങൾ പരീക്ഷണങ്ങൾ 3 മുതൽ 7 വരെ | അധ്യാപകരുടെ സഹായമില്ലാതെ ശാസ്ത്ര പഠനം നടത്തുന്നതിനുതകും വിധം ശാസ്ത്രപഠനം | 1 വർഷം | ടീച്ചർ<br>ക്ലബ്ബ് കൺവീനർ,S.R.G | |

| | | | | | |
|---|---|---|---|---|---|
| 28 | | ബോർഡ്,അനു<br>ബന്ധ<br>സാധനങ്ങൾ,<br>ലൈബ്രറി-<br>ചരിത്രം,ഭൂമിശാ<br>സ്ത്രം,സാമ്പത്തി<br>കശാസ്ത്രം,പൗര<br>ധർമ്മം<br>തുടങ്ങിയ<br>വിഷയങ്ങൾക്ക്<br>വേണ്ടുന്ന<br>പുസ്തകങ്ങൾ<br>ഉൾക്കൊള്ളുന്ന<br>അലമാരകൾ.<br>ഡിജിറ്റൽ<br>ലൈബ്രറി-<br>സി,ഡി,പെൻ<br>ഡ്രൈവ്,വീഡി<br>യോക്ലിപ്പുകൾ,ച<br>രിത്രസിനിമകൾ<br>മുതലായവ<br>ലോക<br>ഭൂപടങ്ങൾ<br>രാഷ്ട്രീയം<br>ഭൗതീകം,കാലാ<br>വസ്ഥ.<br>ചാർട്ടുകൾ.ചിത്ര<br>ങ്ങൾ ഒരുക്കൽ,<br>വർക്കിംഗ്<br>മോഡലുകൾ,<br>സ്റ്റിൽ<br>മോഡലുകൾ | | | |

| | | | | | |
|---|---|---|---|---|---|
| | കൈവരിച്ചെന്ന് വിലയിരുത്തുന്നതിനും | | | | |
| 26 | പ്രാദേശിക ചരിത്ര രചന. സാമൂഹ്യശാസ്ത്ര പഠനപരിപോഷണത്തിന് പ്രദേശത്തിന്റെ പ്രധാന ചരിത്രവസ്തുതകൾ ,സംഭവങ്ങൾ ,ചരിത്ര സ്മാരകങ്ങൾ എന്നിവയെക്കുറിച്ച് വിവരശേഖരണം നടത്തി ചരിത്രം രചിക്കുന്നതിനുള്ള ശേഷി കൈവരുന്നു | കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. വ്യക്തികൾ, സ്ഥാപനങ്ങൾ സ്ഥലങ്ങൾ,ചരിത്രസ്മാരകങ്ങൾ എന്നിവ ഓരോ ഗ്രൂപ്പിനും നൽകി വാമൊഴി,വരമൊഴി,ചരിത്രങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് പ്രാദേശിക ചരിത്ര രചന നിർവഹിക്കുന്നു. | ഹ്രസ്വകാലം | അധ്യാപകൻ പി.ടി.എ S.R.G | |
| | സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണ്ണർ സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ ,അറ്റ്ലസുകൾ ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായനാകോർണ്ണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 5000/- |
| | ബുള്ളറ്റിൻ ബോർഡ് സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോര് സ്ഥാപിക്കുകയും എല്ലാ | എല്ലാ പ്രവൃത്തി ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കൽ

| S/L NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | സാമൂഹ്യശാസ്ത്ര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് | അധ്യാപകരുടെ സഹായമില്ലാതെ സാമൂഹ്യശാസ്ത്രപഠനം നടത്തുന്നതിന് ഉതകുന്ന തരത്തിലുള്ള സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം, സാമൂഹ്യശാസ്ത്രം വിജ്ഞാനപ്രദവും രസകരവുമാക്കൽ, സാമൂഹ്യശാസ്ത്ര പഠനോപകരണങ്ങൾ തയ്യാറാക്കൽ, ഗ്ലോബുകൾ, ഭൂപടങ്ങൾ,ചരിത്രഭൂപടങ്ങൾ, സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യയുടെ - ലോകത്തിന്റെ രാഷ്ട്രീയ ഭൗതീക ബൂപടങ്ങൾ, സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെയും ,കേരളത്തിന്റെയും രാഷ്ട്രീയ - ഭൗതീക കാലാവസ്ഥാ ഭൂപടം ഒരുക്കുന്നു, പ്രോജക്ട്, ഇ- | 10 മാസം | S.R.G<br>B.R.C<br>DIET<br>P.T.A<br>Teacher<br>ക്ലബ്ബ് കൺവീനർ | |

മേഖല സാമൂഹ്യശാസ്ത്രം

സർവ്വെ പ്രൊജക്ട്

| SL/NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ജലം അമൂല്യമാണെന്ന് തിരിച്ചറിയുന്നതിന് ജലസംരക്ഷണ മാർഗങ്ങളെ കുറിച്ച് ബോധമുണ്ടാക്കുക. | കുട്ടികളെ ചോദ്യാവലി നൽകി പ്രദേശത്തെ വീടുകൾ കയറി വ്യക്തിഗത സർവ്വെ നടത്തുന്നു. ഗ്രൂപ്പിൽ ക്രോഡീകരിച്ച് നിഗമനങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുന്നു. | ഒരാഴ്ച്ച | സാമൂഹ്യശാസ്ത്ര അധ്യാപകൻ | 500/- |
| | സോഷ്യൽ സയൻസ് ഫെസ്റ്റ് പഠനപ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക, പഠനനേട്ടങ്ങൾ കൈവരിച്ചെന്ന് ഉറപ്പാക്കുക | 5,6,7 ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വേറിട്ട പ്രവർത്തനങ്ങളും ഉൽപന്നങ്ങളുടെ പ്രദർശനം(ചാർട്ട്ഫോളിയോ ,മോഡൽസ്,ശേഖരണം,ക്വിസ്, സ്കിറ്റ് മുതലായവ) | ഫിബ്രവരി ആദ്യവാരം | S.R.G P.T.A | 2000/- |
| | സെമിനാർ അവതരണം വിഷയത്തെ സമഗ്രമായി വിലയിരുത്തുന്നതിനും ആശയധാരണകളെ പൂർണ്ണമായി ഉൾക്കൊള്ളുന്നതിനും പഠനലേട്ടങ്ങൾ | വിഷയം മുൻകൂട്ടി നൽകുന്നു,ബന്ധപ്പെട്ട വായനാസാമഗ്രികളും നൽകുന്നു,ഗ്രൂപ്പിൽ പ്രവർത്തനം തയ്യാറാക്കണം, അവതരണം നൽകി റിപ്പോർട്ട് തയ്യാറാക്കണം | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

## അക്കാദമിക് മാസ്റ്റർപ്ലാൻ – സാമൂഹ്യശാസ്ത്രം.

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രൊജക്ട്<br>• സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ. | 2 മാസം | ടീച്ചർ | |
| | സാമൂഹ്യശാസ്ത്രപഠനം രസകരമാക്കൽ | • ചിത്രങ്ങൾ, വീഡിയോ ക്ലിപ്പുകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ.<br>• സ്കിറ്റുകൾ, ഗാനങ്ങൾ, ലഘു വിവരണങ്ങൾ മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം.<br>• വാക്കുകൾ, വാചകങ്ങൾ, ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ. | ഹ്രസ്വ കാലം | സാമൂഹ്യ ശാസ്ത്ര കൺവീനർ<br>SRG<br>PTA | |

അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : സാമൂഹ്യശാസ്ത്രം

പ്രശ്നം : 1 : കാലഗണനയിൽ പ്രയാസം നേരിടുന്നു.

2 : ഭൂപടവായനയിൽ പ്രയാസം നേരിടുന്നു

3 : അക്ഷാംശ-രേഖാംശരേഖകൾ

4 : ഭ്രമണം -രാവും പകലും ഉണ്ടാകുന്നത്.

5 : പരിക്രമണം-കാലാവസ്ഥ

| SL/NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | കാലഗണനയിൽ നേരിടുന്ന പ്രയാസം ലഘൂകരിക്കൽ | കാലഗണന ഉറപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വർഷങ്ങൾ ക്രമപ്പെടുത്തൽ കുട്ടികൾ ജനിക്കുന്നതിനു മുമ്പും ശേഷവും നടക്കുന്ന സംഭവങ്ങൾ(വർഷങ്ങൾ) ക്രമപ്പെടുത്തൽ, കലണ്ടർ പരിചയപ്പെടൽ, ടൈം ലൈൻ നിർമ്മാണം, കാലഗണനയനുസരിച്ച് ക്രമപ്പെടുത്തൽ, വർക്ക് ഷീറ്റ്(കാലഗണന) സ്ലൈയിൽ AD-BC | 3 ദിവസം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| | ഭൂപടവായന ദിക്ക് ഭൂപടങ്ങളിലെ ചിഹ്നങ്ങൾ,നിറങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന് | വിവിധ ഭൂപടങ്ങൾ പരിചയപ്പെടുത്തൽ രാഷ്ട്രീയ- ഭൗതിക ഭൂപടങ്ങൾ, ലോകം,രാജ്യം, സംസ്ഥാനം,ജി | ആഗസ്റ്റ്- സെപ്റ്റംബർ (5 ദിവസം) | Resource Teacher | ഒരു കുട്ടിക്ക് 50 രൂപ വീതം |

| | | | | | |
|---|---|---|---|---|---|
| | | ത്തി വിദ്യാർത്ഥികൾ ഭാഷാവ്യവഹാര രൂപങ്ങൾ അധ്യാപകന്റെ മേൽ നോട്ടത്തിൽ പരിശീലിക്കുന്നു. | | | |
| 19 | ഹിന്ദി അസംബ്ലി<br>അച്ചടക്കം ഭാഷാവികാസം<br>ദിനാചരങ്ങളെ ക്കുറിച്ച് കൂടുതൽ അറിവ് നേടാനുള്ള അവസരം | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തും പ്രാർത്ഥന,പ്രതി ജ്ഞ,പത്രവാ ർത്ത,സാഹിത്യ കാരൻമാരെ പരിചയപ്പെടുത്ത ൽ പ്രസംഗം,കവി താലാപനം തുടങ്ങിയവ അവതരണത്തി നുള്ള അവസരം എല്ലാവിദ്യാ ർത്ഥികൾക്കും ലഭിക്കും.<br>ദിനാചരണം ഹിന്ദി ദിനം,പരിസ്ഥി തിദിനം,ശിശുദി നം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽപോ സ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും, കടാതെ കവിതകൾ കുറിപ്പ് എന്നിവ തയ്യാറാക്കാനു ള്ള അവസരങ്ങൾ | | ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 20 | | നൽകും<br>ബാഡ്ജ്<br>നിർമ്മാണം<br>ഹിന്ദി ക്ലബ്ബ്<br>വിദ്യാലയത്തി<br>ലെ ഹിന്ദി<br>ഭാഷാപ്രവർത്ത<br>നങ്ങൾസുഗമമാ<br>യിനടത്തുന്നതി<br>ന്<br>വിദ്യാർത്ഥികളു<br>ടെ കൂട്ടായ്മയായി<br>ഹിന്ദി ക്ലബ്ബ്<br>രൂപീകരിക്കും,ക്ലാ<br>സ് തലത്തിലും<br>വിദ്യാലയതല<br>ത്തിലും<br>പ്രസിഡണ്ട്,<br>സെക്രട്ടറി,മൂന്ന്<br>കമ്മിറ്റി<br>അംഗങ്ങൾ<br>എന്നിങ്ങനെ 5<br>ചുമതലക്കാർ<br>ഉണ്ടാകും.<br>വിവരസാങ്കേതിക<br>വിദ്യ<br>ഹിന്ദിപാഠനത്തിന്<br>സഹായകമായി<br>ലഭിക്കുന്ന വിവിധ<br>ദൃശ്യ-ശ്രാവ്യ<br>സാമഗ്രികൾ<br>വിദ്യാർത്ഥികളി<br>ൽ<br>എത്തിക്കുന്നതി<br>നായി<br>വിവരസാങ്കേതിക<br>വിദ്യ<br>വിനിയോഗിക്കും.<br>ഹിന്ദി<br>ടൈപ്പിംഗിന്റെ<br>പ്രാഥമിക<br>പാഠങ്ങൾ<br>വിഗ്യാർത്ഥിക<br>ൾക്ക്<br>നൽകും.സി,ഡി<br>യിൽ ചിത്രങ്ങൾ<br>നൽകി | | ടീച്ചർ<br>ക്ലബ്ബ്<br>കൺവീനർ | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി

മേഖല -ഭാഷാപഠനം

ഉപമേഖല -ഹിന്ദി പഠനം

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹിന്ദി വായന യു.പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കുട്ടികളുടെ അധിക വായന ലക്ഷ്യ മാക്കികൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും.<br>വായനാകാർഡുകൾ തയ്യാറാക്കൽ<br>ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാക്കാർഡുകൾ തയ്യാറാക്കും,ഇവയിൽ പഴങ്ങൾ പച്ചക്കറികൾ പക്ഷി മൃഗാധികൾ വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും,രാഷ്ട്ര നേതാക്കൾ ഹിന്ദി സാഹിത്യകാരൻമാർ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും.ഹിന്ദി ബാലഗീതങ്ങൾ ശേഖര്ച്ച് വായനക്കായി തയ്യാറാക്കും | 1 വർഷം | ടീച്ചർ S,R,G ഹിന്ദി ക്ലബ്ബ് കൺവീനർ | |
| | ഹിന്ദി എഴുത്ത് മുഴുവൻ വിദ്യാർത്ഥക ൾക്കും ഹിന്ദി എഴുതാൻ സാധുക്കണം | കോപ്പി ബുക്ക്<br>അധികവായനനടത്തുന്ന വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളിൽ നിന്നുള്ളഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും,ബാലഗീതങ്ങൾ കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പിബുക്ക് ഉപയോഗിക്കും<br>പ്രദർശന സാമഗ്രികൾ<br>ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നതിനായി വിഗ്യാർത്ഥികൾ ചുമർപത്രിക തയ്യാറാക്കും,കുട്ടികളുടെ രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കും.വർക്ക് ബുക്കുകൾ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാവ്യവഹാരരൂപങ്ങൾ അധ്യാപകന്റെ മേൽ നോട്ടത്തിൽ പരിശീലിക്കുന്നു. | | | |
| 19 | ഹിന്ദി അസംബ്ലി അച്ചടക്കം ഭാഷാവികാസം<br><br>ദിനാചരണങ്ങളെ ക്കറിച്ച് കൂടുതൽ | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തും പ്രാർത്ഥന,പ്രതിജ്ഞ,പത്രവാർത്ത,സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ പ്രസംഗം,കവിതാലാപനം ഉടങ്ങിയവ അവതരണത്തിനുള്ള അവസരം എല്ലാവിദ്യാർത്ഥികൾക്കും ലഭിക്കും.<br><br>ദിനാചരണം<br>ഹിന്ദി ദിനം,പരിസ്ഥിതിദിനം,ശിശുദിനം | | ടീച്ചർ | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി
മേഖല -ഭാഷാപഠനം
ഉപമേഖല -ഹിന്ദി പഠനം

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഹിന്ദി വായന യു.പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കുട്ടികളുടെ അധിക വായന ലക്ഷ്യ മാക്കികൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. വായനാകാർഡുകൾ തയ്യാറാക്കൽ ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാക്കാർഡുകൾ തയ്യാറാക്കും,ഇവയിൽ പഴങ്ങൾ പച്ചക്കറികൾ പക്ഷി മൃഗാധികൾ വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും,രാഷ്ട്ര നേതാക്കൾ ഹിന്ദി സാഹിത്യകാരൻമാർ എന്നിവയുടെ | 1 വർഷം | ടീച്ചർ S,R,G ഹിന്ദി ക്ലബ്ബ് കൺവീനർ | |

| | | | | | |
|---|---|---|---|---|---|
| 16 | ക വിദ്യ ദൃശ്യ ശ്രാവ്യമാധ്യമങ്ങൾ സംസ്കൃതഭാഷയിലുള്ള പരിചയം | കഥ,കവിത,സംഭാഷണം സുഭാഷിതങ്ങൾ, നാടകങ്ങൾ,എന്നിവയുടെ സി.ഡി പ്രദർസനം,സംസ്കൃതഅക്ഷര ലേഖനം എന്നിവ കമ്പ്യൂട്ടറിൽ പ്രദർശിപ്പിക്കാൻ സ്വയം പ്രാപ്തി നേടൽ | | | |
| | സംസ്കൃതം ക്ലബ്ബ് ആശയഗ്രഹണം | വിദ്യാലയത്തിൽ ഭാഷാപോഷണത്തിനായി വിദ്യാർത്ഥികളുടെ കൂട്ടായ്മയും വിവിധ പരിപാടികളും സംസ്കൃതക്ലബ്ബിൽ നടത്തുവാൻ തീരുമാനിച്ചു കൺവീനറും ജോയിന്റ് കൺവീനറും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും ചുമതല ഏറ്റെടുക്കും അധ്യാപികയുടെ സാന്നിധ്യവും ഉണ്ടാകും. | 1 വർഷം | അധ്യാപിക വിദ്യാർത്ഥികൾ | |

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| | വായന : സംസ്കൃതം എൽ.പി മുതൽ യു.പി തലം വരെയുള്ള കുട്ടികളുടെ ഉച്ചാരണ സ്ഫുടതയോടെ യുള്ള വായന, ചിഹ്നങ്ങൾ കൂട്ടക്ഷരങ്ങൾ ഉറപ്പിക്കൽ, വർക്ക് ഷീറ്റ് നിർമ്മാണം, സംസ്കൃത സംഭാഷണശിബിരം. | പൂർവ്വ വിദ്യാർത്ഥികളുടെയും അദ്ധ്യാപികയുടെയും സഹായത്തോടെ സംസ്കൃതം ലൈബ്രറി സ്ഥാപിക്കൽ,കൂട്ടക്ഷരങ്ങൾ ,ചിഹ്നങ്ങൾ എന്നിവയുടെ വായനാക്കാർഡ്,പക്ഷിമൃഗാദികളുടെയും ഫലങ്ങൾ,പച്ചക്കറികൾ,വൃക്ഷങ്ങൾ എന്നിവയുടെ ചിത്രവും പദങ്ങളും അടങ്ങിയ ചാർട്ട്,പത്രങ്ങൾ ശേഖരിക്കൽ, ദേശീയ നേതാക്കളുടെയും നവോത്ഥാന നായകൻമാരുടെയും സംസ്കൃത പണ്ഡിതൻമാരുടെയും ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ,പുരാണ പുസ്തകങ്ങൾ അഷ്ടാംഗഹൃദയം ,ഔഷധ സസ്യങ്ങളുടെയും പുസ്തകങ്ങൾ ശേഖരിക്കൽ എന്നിവ | 1 വർഷം | അദ്ധ്യാപിക S.R.G രക്ഷിതാക്കൾ | |
| | സംസ്കൃത അസംബ്ലി, അച്ചടക്കം, ഭാഷാവികസനം | സംസ്കൃത ഭാഷയിൽ പ്രതിജ്ഞ,പ്രാർത്ഥന,പത്രവായന തയ്യാറാക്കി വായിക്കൽ ,സുഭാഷിതാവതരണങ്ങൾ എന്നിവ ചെയ്യിക്കൽ | | അദ്ധ്യാപിക ക്ലബ്ബ് കൺവീനർ ജോ.കൺവീനർ രക്ഷിതാക്കൾ | |

പൊതുവിജ്ഞാനം ആർജിക്കൽ 

| SL/NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| | കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ, കാലികമായ അറിവിന്റെ മേഖല വികസിപ്പിക്കുക, അന്വേഷണത്വര ,മത്സര മനോഭാവം എന്നിവ വളർത്തിയെടുക്കുക. | വിവിധ മേഖലകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകി ഉത്തരം കണ്ടെത്താൻ പറയുന്നു.(ഓരോ ദിവസവും 10 ചോദ്യങ്ങൾ) ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു(ആഴ്ച ,മാസം) വർഷാവസാനം മെഗാക്വിസ് മത്സരം നടത്തുന്നു, പത്രക്വിസ് ,പുസ്തകക്വിസ് എന്നിവ നടത്തുന്നു, വിവിധ ക്വിസ് മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നു, ക്ലാസ് തല - സ്കൂൾതല മത്സരങ്ങൾ നടത്തുന്നു. സമ്മാനങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാര്ച്ച് വരെ. | S.R.G ക്ലബ്ബ് കൺവീനർമാർ ക്ലാസ് ടീച്ചർ | സമ്മാനത്തിന് 1000 രൂപ. |

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാൻ അറിയുന്നു. എഴുതുവാനുള്ള ശേഷി വളർത്തുന്നു. ഇംഗ്ലീഷ് സംസാരിക്കാൻ അറിയുന്നു. | Pre-Test നടത്തി മികവും പരിമിതിയും കണ്ടെത്തുന്നു. S.R.G യിൽ വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. ഇംഗ്ലീഷ് അസംബ്ലി ആഴ്ച്ചയിൽ ഒരു ദിവസം,ഇംഗ്ലീഷിൽ ഡയറിക്കുറിപ്പ്, ഇംഗ്ലീഷ് വായനാകാർഡ് നൽകുന്നു,ഇംഗ്ലീഷ് കഥകൾ വായിക്കാനും പറയാനും അവസരം നൽകുന്നു,ഇംഗ്ലീഷ് പത്രം അസംബ്ലിയിൽ വായിക്കുക,ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുക,സ്പോക്കൺ ഇംഗ്ലീഷിന്റെ പ്രത്യേക ക്ലാസ് കൊടുക്കുക. | 6 മാസം | S.R.G ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ ഇംഗ്ലീഷ് ടീച്ചർ | |

ഇംഗ്ലീഷ് ഭാഷാപഠനം

| SL/NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|---|
| | 1 മുതൽ 7വരെയുള്ള എല്ലാ കുട്ടികളേയും ഇംഗ്ലീഷ് ഭാഷ വായിക്കാനും ആശയം ഗ്രഹിക്കാനുമുള്ള പൂർണ്ണതയിൽ എത്തിക്കുക. | Word card sentence card പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്,ക്ലാസ് വായനാകൂട്ടം(English Library) വായനാ മത്സരം,ഇംഗ്ലീഷ് അസംബ്ലി. | 1 വർഷം | English Teacher,S.R.G, English Club | |
| | എല്ലാ ക്ലാസുകളിലേയും കരിക്കുലം ലക്ഷ്യമാക്കുന്ന Hello Englishഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക | ഡ്രാമ തിയേറ്റർ, ഡ്രാമ കേമ്പ്. Recitation Story Telling | June to december | Teacher | |
| | വായനയിലും ആശയഗ്രഹണത്തിലും എഴുത്തിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക(ഒഴുക്കോടേയും ശരിയായ ഉച്ചാരണത്തോടേയും) | | June to december | Teacher | |

| SL/NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഭാഷാപഠനത്തിൽ കുട്ടികളുടെ നിലവാരം ഉയർത്തൽ, അക്ഷരങ്ങൾ ,ചിഹ്നങ്ങൾ എന്നിവ ശരിയാംവണ്ണം ഉറപ്പിക്കൽ, തെറ്റ് കൂടാതെ മലയാളം വായിക്കാനും എഴുതാനും പ്രാപ്തമാക്കൽ | പ്രത്യേകമായ പ്രീ ടെസ്റ്റ് നടത്തുന്നു,പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു, വൈകുന്നേരങ്ങളിലും മറ്റ് ഇടവേളകളിലും ക്ലാസുകൾ നടത്തുന്നു,പ്രത്യേകവായനാ കാർഡുകൾ തയ്യാറാക്കുന്നു,വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു,ഇടക്കാല വിലയിരുത്തലുകൾ നടത്തുന്നു,രക്ഷിതാക്കളെ അറിയിക്കുന്നു,രക്ഷിതാക്കളെ ഉൾപ്പെടുത്തി ശിൽപ്പശാലകളും പ്രവർത്തനങ്ങളും നടത്തുന്നു,പോസ്റ്റ് ടെസ്റ്റ് നടത്തുന്നു. | 3 മാസം ജൂലായ് മുതൽ ആഗസ്റ്റ് വരെ | S.R.G | 1000 രൂപ (സ്കെച്ച്പെൻ,മാർക്കർ പെൻ,ചാർട്ട്,വർക്ക്ഷീറ്റ് എന്നിവയ്ക്ക്) |

പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ അക്കാദമികവും സർഗാത്മകവും കായികവുനായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുക.
- 1 മുതൽ 7വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒരുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.

പൊതുലക്ഷ്യത്തെ സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നു.സവിശേഷ കഴിവുകളുള്ള കുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കും ആവശ്യമായ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തുന്നു.

മേഖല- ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ : 1മുതൽ 7വരെയുള്ള എല്ലാ കുട്ടികളേയും ഇംഗ്ലീഷ് ഭാഷ വായിക്കാനും ആശയം ഗ്രഹിക്കാനുമുള്ള പൂർണ്ണതയിൽ എത്തിക്കുക.

- എല്ലാ ക്ലാസുകളിലേയും കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളിലും ആർജ്ജിക്കുക.

- വായനയിലും ആശയഗ്രഹണത്തിലും എഴുത്തിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിൻതുണ നൽകുക.

- ഇംഗ്ലീഷ് ഭാഷ ഒഴുക്കോടേയും ശരിയായ ഉച്ചാരണത്തോടേയും സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാവരിലും വികസിപ്പിക്കുക.

- ഇംഗ്ലീഷ് ഭാഷ വായിക്കാനും അറിവ് സ്വാംശീകരിക്കാനും ചെയ്യുന്നതിലൂടെ ലോകഭാഷയെന്ന നിലയിൽ ഇംഗ്ലീഷിൽ കഴിവ് നേടുക.

- മികച്ച വായനക്കാരാവുന്നതോടൊപ്പം ഇംഗ്ലീഷിൽ ഏത് പ്രവർത്തനവും സ്വയം എഴുതാനുള്ള കഴിവ് വികസിപ്പിക്കൽ.